5. എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും

6. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവും എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്ന പക്ഷം അന്വേഷണത്തിനു ശേഷം അർഹതയുടെ അടിസ്ഥാനത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകിവരികയാണ് നിലവിൽ ചെയ്യുന്നത്.

ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് നടപടി

183(3066) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) മുൻ സർക്കാർ നടപ്പിലാക്കിയ മാവേലി ഹോട്ടൽ ശൃംഖല ഈ സർക്കാർ അധികാരമേറ്റശേഷം അടച്ചുപൂട്ടാൻ ഇടയായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ;

(സി) മിതമായ നിരക്കിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് തൃപ്തി ന്യായവില ഹോട്ടലുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ന്യായവില ഹോട്ടലുകൾ തുടങ്ങുകയുണ്ടായി എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയുന്നതിനായി ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 -ലെ കേരളാ ഫുഡ് സ്റ്റഫ്സ് (Display of Prices by Catering Establishment Order) പ്രകാരം നടപടി സ്വീകരിക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായുള്ള ബിൽ പ്രസിദ്ധീകരണ സ്റ്റേജിലാണ്.

GPM. 2/241/2020-30

LIBRARY ARCHIVES Kerala Legislative Assembly

(ബി) 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം.

(സി&ഡി) സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക

184(*T3067) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005 മുതൽ ഓരോ വർഷവും സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക എത്രയാണ് എന്നറിയിക്കുമോ?

ഉത്തരം

വിപണി ഇടപെടലിനായി 2005 മുതൽ 2016 നവംബർ വരെ സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	ലഭിച്ച തുക (കോടിയിൽ)
2005-06	10
2006-07	30
2007-08	50
2008-09	105
2009-10	83
2010-11	76.31
2011-12	118.35
2012-13	135
2013-14	116.02
2014-15	70
2015-16 (നവംബർ വരെ)	64

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly